ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം പരിശോധിച്ചുവരികയാണ്.

ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

210 (3417) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) 2014-15 വർഷത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് തദ്ദേശസ്വയംഭരണ വകുപ്പിനെ ഏല്പിച്ചത്; ഏതെല്ലാം പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കിയുള്ളവ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) 2015-16 വർഷത്തെ എല്ലാ പ്രവൃത്തികൾക്കും പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ധനകാര്യവകുപ്പ് നിർദ്ദേശിച്ച രേഖകൾ സഹിതം എസ്റ്റിമേറ്റുകൾ ചീഫ് ഇഞ്ചിനീയർക്ക് നൽകിയത് എന്നാണ്; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കുറ്റി കാലേത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

211 (3418) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ എം.എൽ.എ. യുടെ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ച ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുറ്റി കാലേത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാൻ കിഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും എന്നും വിശദമാക്കാമോ?

GPM. 2/244/2020-36

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

തെരുവ് നായ്ക്കളെ നശിപ്പിക്കുന്നതിന് സംവിധാനം

212 (T*3419) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മൃഗ പ്രജനന നിയമപ്രകാരം, അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് വിലക്ക് നിലവിലുണ്ടോ;

(ബി) പേയുള്ളതോ, ആക്രമണകാരികളോ ആയ നായ്ക്കളിൽ നിന്നും പൊതുജനങ്ങൾക്ക് സംരക്ഷണം നല്കുന്ന കാര്യത്തിൽ പ്രസ്തുത നിയമത്തിലോ മറ്റേതെങ്കിലും നിയമത്തിലോ എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, അവയിൽ നിന്നുള്ള ഗുരുതര ആക്രമണങ്ങൾമൂലം മനുഷ്യർക്കും മറ്റു വളർത്തു ജീവികൾക്കും ജീവഹാനി ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥ നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

(ഡി) നിലവിലെ സംവിധാനങ്ങൾ ജനങ്ങൾക്കും മറ്റു വളർത്തു ജീവികൾക്കും തെരുവുനായ്ക്കളിൽ നിന്നും സംരക്ഷണം നല്കാൻ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്തു നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര മൃഗ പ്രജനന നിയമപ്രകാരം നായ്ക്കളെ വന്ധ്യംകരിച്ച് പേവിഷ പ്രതിരോധ കുത്തിവെയ്പ് നൽകുന്ന നടപടികളാണ് നിലവിലുള്ളത്.

(ബി) 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിലെ സെക്ഷൻ 13 പ്രകാരം പേവിഷ ബാധയുള്ള നായ്ക്കളെ കൊന്ന് നശിപ്പിക്കാവുന്നതാണ്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09-07-2015-ന് കൂടിയ യോഗ തീരുമാന പ്രകാരം അപകടകാരികളും പേവിഷബാധയുള്ളതുമായ നായ്ക്കളെ നിരീക്ഷണ വിധേയമാക്കിയതിനുശേഷം കൊല്ലുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly